# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2491 01.04.2013-ൽ മറുപടിക്ക്**

**ചെറുതാഴം സെൻസസ് ടൗൺ കുടിവെള്ള പദ്ധതി**

**ചോദ്യം**

ശ്രീ.റ്റി.വി. രാജേഷ്

കണ്ണൂർ ജില്ലയിലെ ചെറുതാഴം ഗ്രാമ പഞ്ചായത്തിലെ നില വിലുള്ള കുടിവെള്ള പദ്ധതി യിൽനിന്ന് ഒഴിവായ ഏഴോളം വാർഡുകളെ ഉൾ പ്പെടുത്തിയുള്ള ചെറുതാഴം സെന്സൻസസ് ഡൗൺ കുടിവെള്ള പദ്ധതി യാഥാ-ർത്ഥ്യമാക്കാൻ ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ ?

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

ചെറുതാഴം ഗ്രാമപഞ്ചായത്തിലെ 6 വാർഡുകൾക്ക് പ്രയോജനം ചെയ്യും വിധം നടപ്പിലാക്കിയ ചെറുതാഴം കുടിവെള്ള പദ്ധതിയുടെ 0.5 മില്ല്യൻ ലിറ്റർ ശേഷിയുടെ പ്രഷർ ഫിൽട്ടർ ഒഴികെ ബാക്കിയുള്ള പ്രവർത്തി കളെല്ലാം ഒക്ടോബർ 2010- ൽ പൂർത്തിയായതാണ്. പ്രഷർ ഫിൽട്ടർ നിർമ്മിക്കുന്ന പ്രവൃത്തിക്ക് കരാർ നൽകി യെങ്കിലും കരാറുകാരന്റെ പ്രവൃത്തി അനന്തമായി നീട്ടികൊണ്ടു പോയതിനാൽ പദ്ധതിയുടെ പ്രഷർ ഫിൽട്ടർ ഒഴിച്ചുള്ള ഘടകങ്ങൾ കമ്മീഷൻ ചെയ്തു. 25 ടാപ്പു കളിൽ കൂടി 2011 ഫെബ്രുവരി മുതൽ ജല വിതരണം ആരംഭിച്ചു. പ്രഷർ ഫിൽട്ടറിന്റെ കരാർ പിന്നീട് റദ്ദ് ചെയ്തു. ഇപ്പോൾ ആധുനിക സംവിധാനമായ മൈക്രോ ഫിൽട്ടർ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

ബാക്കിയുള്ള ഏഴോളം വാർഡുകളെ ഉൾ പ്പെടുത്തിയുള്ള ചെറുതാഴം സെൻസസ് ടൗൺ പദ്ധതി നിലവിലുള്ള പദ്ധതിയുടെ വിപുലീകരണ പദ്ധതിയായി തയ്യാറാക്കി വരികയാണ്. ഇതിന്റെ സർ വ്വേ പ്രവൃത്തി കൾ പൂർത്തിയായി. വിശദമായ എൻജിനീ-യറിംഗ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു.

സെക്ഷൻ ഓഫീസർ